©
കേരള സർക്കാർ
Government of Kerala
2017

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 6<br>Vol. VI | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2017 ആഗസ്റ്റ് 8<br>8th August 2017<br>1192 കർക്കടകം 23<br>23rd Karkadakam 1192<br>1939 ശ്രാവണം 17<br>17th Sravana 1939 | നമ്പർ<br>No. 32 |

# PART IV

# Private Advertisements and Miscellaneous Notifications

## കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

### വിജ്ഞാപനം

[ഇലക്ട്രിസിറ്റി ആക്റ്റ് 2003-ലെ 67, 164 വകുപ്പ് പ്രകാരം പുറപ്പെടുവിക്കുന്നത്]

(1)

നമ്പർ ഡി.ബി. 2/2016-17. 2017 മാർച്ച് 27.

പത്തനംതിട്ട ജില്ലയിലെ വൈദ്യുതി പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി അടൂർ, കൊടുമൺ, അങ്ങാടിക്കൽ, വള്ളിക്കോട്, ഓമല്ലൂർ, പത്തനംതിട്ട എന്നീ വില്ലേജുകളിൽപ്പെട്ട വസ്തുക്കളിൽകൂടി കടന്നുപോകുന്ന നിലവിലുള്ള 66 കെ. വി. അടൂർ-പത്തനംതിട്ട ലൈൻ 220/110 കെ. വി. MCMV ആയി നിർമ്മിക്കുന്നതിന്റെ ഭാഗമായി നടത്തുന്ന പ്രാരംഭ ജോലികളുടെയും തുടർ ജോലികളുടെയും ആവശ്യത്തിലേക്കായി കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഉദ്യോഗസ്ഥരോ കരാറുകാരോ അധികാരപ്പെടുത്തിയ മറ്റ് വ്യക്തികളോ ടി ലൈനുമായി ബന്ധപ്പെട്ട പ്രദേശങ്ങളിൽ ഔദ്യോഗിക കൃത്യനിർവ്വഹണാർത്ഥം പ്രവേശിക്കുന്നതാണ്. പ്രസ്തുത ജോലി ചെയ്യുന്നതിൽനിന്നും അവരെ തടസ്സപ്പെടുത്തുന്നത് 2003-ലെ ഇലക്ട്രിസിറ്റി ആക്റ്റ് 164 വകുപ്പ് പ്രകാരം നിയമവിരുദ്ധമാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

(2)

നമ്പർ ഡി.ബി. 2/2017-18. 2017 മേയ് 17.

പത്തനംതിട്ട ജില്ലയിലെ വൈദ്യുതി പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സീതത്തോട് വില്ലേജിൽ ഉറുമ്പിനി മുതൽ കക്കാട് പവർഹൗസ് വരെയുള്ള സ്ഥലങ്ങളിൽക്കൂടി ഒരു 220 കെ. വി. DC ലൈൻ പുതിയതായി നിർമ്മിക്കുന്നതിനുവേണ്ടിയുള്ള പ്രാരംഭ ജോലികളുടെയും തുടർ ജോലികളുടെയും ആവശ്യത്തിലേക്കായി കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഉദ്യോഗസ്ഥരോ കരാറുകാരോ അധികാരപ്പെടുത്തിയ മറ്റ് വ്യക്തികളോ ടി ലൈനുമായി ബന്ധപ്പെട്ട പ്രദേശങ്ങളിൽ ഔദ്യോഗിക കൃത്യനിർവ്വഹണാർത്ഥം പ്രവേശിക്കുന്നതാണ്. പ്രസ്തുത ജോലി ചെയ്യുന്നതിൽനിന്നും അവരെ തടസ്സപ്പെടുത്തുന്നത് 2003-ലെ ഇലക്ട്രിസിറ്റി ആക്റ്റ് 164 വകുപ്പ് പ്രകാരം നിയമവിരുദ്ധമാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

(3)

നമ്പർ ഡി.ബി. 2/2017-18. 2017 മേയ് 17.

പത്തനംതിട്ട ജില്ലയിലെ വൈദ്യുതി പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പത്തനംതിട്ട വി. കോട്ടയം, പ്രമാടം, കൂടൽ എന്നീ വില്ലേജുകളിൽപ്പെട്ട സ്ഥലങ്ങളിൽക്കൂടി കടന്നുപോകുന്ന നിലവിലുള്ള 66 കെ. വി. കൂടൽ-പത്തനംതിട്ട ലൈൻ, 220/110 കെ. വി. MCMV ആയി നിർമ്മിക്കുന്നതിനും കൂടൽ, കലഞ്ഞൂർ എന്നീ വില്ലേജുകളിൽപ്പെട്ട സ്ഥലങ്ങളിൽകൂടി പാടം മുതൽ കൂടൽ വരെ ഒരു 220 കെ. വി. DC ലൈൻ പുതിയതായി നിർമ്മിക്കുന്നതിനും വേണ്ടിയുള്ള പ്രാരംഭ ജോലികളുടെയും തുടർ ജോലികളുടെയും ആവശ്യത്തിലേക്കായി കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഉദ്യോഗസ്ഥരോ കരാറുകാരോ അധികാരപ്പെടുത്തിയ മറ്റ് വ്യക്തികളോ ടി ലൈനുമായി ബന്ധപ്പെട്ട പ്രദേശങ്ങളിൽ ഔദ്യോഗിക കൃത്യനിർവ്വഹണാർത്ഥം പ്രവേശിക്കുന്നതാണ്. പ്രസ്തുത ജോലി ചെയ്യുന്നതിൽനിന്നും അവരെ തടസ്സപ്പെടുത്തുന്നത് 2003-ലെ ഇലക്ട്രിസിറ്റി ആക്റ്റ് 164 വകുപ്പ് പ്രകാരം നിയമവിരുദ്ധമാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

ട്രാൻസ്മിഷൻ ഡിവിഷൻ, (ഒപ്പ്)
പത്തനംതിട്ട. എക്സിക്യൂട്ടീവ് എഞ്ചിനീയർ.

### തുടർ വിജ്ഞാപനം

[ഇലക്ട്രിസിറ്റി ആക്റ്റ് 2003-ലെ 67, 164 വകുപ്പ് പ്രകാരം പുറപ്പെടുവിക്കുന്നത്]

നമ്പർ ഡി.ബി. 2/2017-18/66. 2017 മേയ് 5.

പത്തനംതിട്ട ജില്ലയിലെ അടൂർ താലൂക്കിൽ ഏനാത്ത് വില്ലേജിൽ കളമല എന്ന സ്ഥലത്ത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന 66 കെ. വി. സബ്സ്റ്റേഷനിലേക്ക് വൈദ്യുതി എത്തിക്കുന്നതിനായി 66 കെ. വി. അടൂർ സബ്സ്റ്റേഷനിൽ നിന്നും അടൂർ, ഏനാത്ത്, ഏറത്ത്, ഏഴംകുളം എന്നീ വില്ലേജുകളിലൂടെ വലിക്കുന്ന 9 കിലോമീറ്റർ 66 കെ. വി. ലൈനിന്റെ ജോലികളുമായി ബന്ധപ്പെട്ട് ഫെബ്രുവരി 16, 2016-ൽ വാല്യം 5, നമ്പർ 7 പ്രകാരം ഒരു വിജ്ഞാപനം കേരള ഗസറ്റിൽ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ വിശദമായ സ്ഥലപരിശോധന നടത്തിയപ്പോൾ ടി ലൈൻ പത്തനംതിട്ട ജില്ല കൂടാതെ കൊല്ലം ജില്ലയിലെ പത്തനാപുരം താലൂക്കിൽ പട്ടാഴി വടക്കേക്കര വില്ലേജിലെ ചില പ്രദേശങ്ങളിലൂടെ കൂടി കടന്നുപോകുന്നതായി ബോധ്യപ്പെട്ടിരിക്കുന്നു. ആയതിനാൽ പ്രസ്തുത ലൈനിന്റെ പ്രാരംഭ ജോലികളുടെയും തുടർ ജോലി കളുടെയും ആവശ്യത്തിലേക്കായി ഇലക്ട്രിസിറ്റി ബോർഡ് ഉദ്യോഗസ്ഥരോ അതിന്റെ കരാറുകാരോ അധികാരപ്പെടുത്തിയ മറ്റ് വ്യക്തികളോ ടി ലൈനുകളുമായി ബന്ധപ്പെട്ട കൊല്ലം ജില്ലയിലെ പ്രദേശങ്ങളിലും ഔദ്യോഗിക കൃത്യനിർവ്വഹണാർത്ഥം പ്രവേശിക്കുന്നതാണ്. പ്രസ്തുത ജോലി ചെയ്യുന്നതിൽ നിന്നും അവരെ തടസ്സപ്പെടുത്തുന്നത് 2003-ലെ ഇലക്ട്രിസിറ്റി ആക്റ്റ് 164 വകുപ്പ് പ്രകാരം നിയമവിരുദ്ധമാണെന്ന് ബന്ധപ്പെട്ട എല്ലാവരേയും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

PR/MCI/514/309/2017.

ട്രാൻസ്മിഷൻ ഡിവിഷൻ, (ഒപ്പ്)
പത്തനംതിട്ട. എക്സിക്യൂട്ടീവ് എഞ്ചിനീയർ.

## വിജ്ഞാപനം

[ഇന്ത്യൻ ഇലക്ട്രിസിറ്റി ആക്റ്റ് 2003-ലെ 164-ാം വകുപ്പ് പ്രകാരം പൊതുജനങ്ങളുടെ അറിവിലേക്ക് പരസ്യപ്പെടുത്തുന്നത്]

(1)

നമ്പർ ടി.സി.കെ./64/ഡി.ബി.3/വിജ്ഞാപനം/01/2016-17.

2017 ജനുവരി 9.

എറണാകുളം ജില്ലയിലെ കുന്നത്തുനാട് താലൂക്കിലെ കുന്നത്തുനാട്, കിഴക്കമ്പലം എന്നീ വില്ലേജുകളിൽപ്പെട്ട പള്ളിക്കര, താമരച്ചാൽപുരം, പഴങ്ങനാട് എന്നീ പ്രദേശങ്ങളിൽക്കൂടി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന പള്ളിക്കര-ആലുവ സബ് സ്റ്റേഷനുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന 220 കെ. വി. ലൈനിന്റെ പ്രാരംഭ ജോലികൾക്കും ടി ലൈനിന്റെ നിർമ്മാണ ജോലികൾക്കുംവേണ്ടി ഇലക്ട്രിസിറ്റി ബോർഡിന്റെ ഉദ്യോഗസ്ഥൻമാരോ ജീവനക്കാരോ ഇലക്ട്രിസിറ്റി ബോർഡ് ചുമതലപ്പെടുത്തുന്ന ആളുകളോ മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ അവരുടെ ജോലി സംബന്ധമായി പ്രവേശിക്കുന്നതാണ്. പ്രസ്തുത ജോലി ചെയ്യുന്നതിൽനിന്നും അവരെ തടസ്സപ്പെടുത്തുന്നത് നിയമവിരുദ്ധമാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

(2)

നമ്പർ ടി.സി.കെ./64/ഡി.ബി.3/വിജ്ഞാപനം/01/2017-18.

2017 മേയ് 20.

എറണാകുളം ജില്ല, പറവൂർ താലൂക്ക്, ഏഴിക്കര വില്ലേജിലെ കെടാമംഗലം എസ്.എൻ. ആർട്ട്സ് ആന്റ് സയൻസ് കോളേജിനു സമീപവും കോളേജിന്റെ തെക്കുഭാഗത്തെ കണ്ടേക്കാവ് തോടുവരെയുള്ള ഭാഗങ്ങളിലും ബഹുമാനപ്പെട്ട അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് എറണാകുളത്തിന്റെ നിർദ്ദേശപ്രകാരം നിർദ്ദിഷ്ട മന്നം ചെറായി 110 കെ. വി. ലൈൻ പാത ഭേദഗതി ചെയ്യുന്നതിന്റെ ഭാഗമായി നടത്തുന്ന സർവ്വേയുമായി ബന്ധപ്പെട്ട് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ഉദ്യോഗസ്ഥൻമാരോ ജീവനക്കാരോ ഇലക്ട്രിസിറ്റി ബോർഡ് ചുമതലപ്പെടുത്തുന്ന പ്രതിനിധികളോ കോൺട്രാക്ട് ജീവനക്കാരോ പ്രസ്തുത സ്ഥലങ്ങളിലെ വസ്തുക്കളിൽകൂടി അവരുടെ നിയമാമുസൃത കൃത്യനിർവഹണത്തിനായി ആവശ്യമായ ഏതു സമയത്തും പ്രവേശിക്കുന്നതാണ്. പ്രസ്തുത ജോലി ചെയ്യുന്നതിൽ നിന്നും അവരെ തടസ്സപ്പെടുത്തുന്നത് നിയമവിരുദ്ധമാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

(ഒപ്പ്)

ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ,
ട്രാൻസ്മിഷൻ സർക്കിൾ, കളമശ്ശേരി.

## വിജ്ഞാപനം

(1)

നമ്പർ എസ്ആർറ്റിഡിറ്റി/വിജ്ഞാപനം/03/2017-18.

2017 ഏപ്രിൽ 1.

കേരള സംസ്ഥാനത്തെ വർദ്ധിച്ചുവരുന്ന വൈദ്യുതി ഉപഭോഗത്തിന് പരിഹാരമായി ഇടുക്കി ജില്ലയിലെ മുതിരപ്പുഴ ബേസിനിലെ മാങ്കുളം, തൊട്ടിയാർ, പള്ളിവാസൽ എക്സ്റ്റൻഷൻ, ചിന്നാർ, പാമ്പാർ തുടങ്ങിയ പൂർത്തീകരിക്കാനുള്ളതും ഇനി ആരംഭിക്കാനുള്ളതുമായ ജലവൈദ്യുത പദ്ധതികളിൽ നിന്നുള്ള അധിക വൈദ്യുതി പ്രവഹിക്കുന്നതിലേക്കായി 1940-കളിൽ നിലവിൽവന്ന പള്ളിവാസൽ-ആലുവ 66 കെ. വി. ലൈനിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നടത്തുന്ന നിർമ്മാണപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കേരള സംസ്ഥാനത്തെ വൈദ്യുതി ബോർഡിലെ ഉദ്യോഗസ്ഥരും അവർ ചുമതലപ്പെടുത്തുന്ന പ്രതിനിധികളും ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ ഉൾപ്പെട്ട ആനവിരട്ടി, വെള്ളത്തൂവൽ, പള്ളിവാസൽ, മന്നാങ്കണ്ടം എന്നീ വില്ലേജുകളിൽപ്പെട്ടതും എറണാകുളം ജില്ലയിലെ കോതമംഗലം, കുന്നത്തുനാട്, ആലുവ താലൂക്കുകളിൽ ഉൾപ്പെട്ട ആലുവ, ചൂർണ്ണിക്കര, എടത്തല, ഇരമല്ലൂർ, കോതമംഗലം, അശമന്നൂർ, മാറമ്പിള്ളി, പെരുമ്പാവൂർ, രായമംഗലം, വാഴക്കുളം, വെങ്ങോല, കുട്ടമംഗലം, നേര്യമംഗലം എന്നീ വില്ലേജുകളിൽപ്പെട്ടതുമായ വസ്തുക്കളിൽ കൂടി അവരുടെ നിയമാനുസൃത കൃത്യനിർവ്വഹണത്തിനായി ആവശ്യമായ ഏതുസമയത്തും പ്രവേശിക്കുന്നതാണെന്നും പ്രസ്തുത ജോലി തടസ്സപ്പെടുത്തുന്നത് നിയമവിരുദ്ധമാണെന്നും 2003-ലെ ഇലക്ട്രിസിറ്റി ആക്ട് 164 വകുപ്പ് പ്രകാരം ബന്ധപ്പെട്ട എല്ലാവരെയും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

(2)

(ഇൻഡ്യൻ ഇലക്ട്രിസിറ്റി ആക്ട് 2003-ലെ 164 വകുപ്പ് പ്രകാരം)

നമ്പർ എസ്ആർറ്റിഡിറ്റി/വിജ്ഞാപനം/04/2017-18.

2017 ഏപ്രിൽ 1.

എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്കിലെ കോതമംഗലം വില്ലേജിൽ ഉൾപ്പെട്ട കറുകടത്തുനിന്നും 220/110 കെ.വി. ലൈൻ, നിലവിലുള്ള കൂത്താട്ടുകുളം-കോതമംഗലം 66 കെ. വി. ലൈനിന്റെ Right of way-യിൽ കൂടി കോതമംഗലം 66 കെ. വി. സബ് സ്റ്റേഷനിലേക്ക് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നതിന്റെ ഭാഗമായി ടി ലൈനിന്റെ നിർമ്മാണ ജോലികൾക്കായി ഇലക്ട്രിസിറ്റി ബോർഡിന്റെ ഉദ്യോഗസ്ഥൻമാരോ അവർ ചുമതലപ്പെടുത്തുന്ന പ്രതിനിധികളോ അവരുടെ ജോലി സംബന്ധമായി പ്രവേശിക്കുന്നതാണ്. പ്രസ്തുത ജോലി ചെയ്യുന്നതിൽനിന്നും അവരെ തടസ്സപ്പെടുത്തുന്നത് 2003-ലെ ഇലക്ട്രിസിറ്റി ആക്ട് 164 വകുപ്പ് പ്രകാരം നിയമവിരുദ്ധമാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

(ഒപ്പ്)

ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ,
ട്രാൻസ്ഗ്രിഡ് സൗത്ത്, കളമശ്ശേരി.

### വിജ്ഞാപനം

നമ്പർ DB19/2016-17/DCE/Trans Grid (North)/287.

2017 ഫെബ്രുവരി 8.

കണ്ണൂർ ജില്ലയിലെ മുണ്ടയാട് സബ് സ്റ്റേഷനിൽനിന്നും കാടാച്ചിറ, ഉമ്മൻചിറ വഴി തലശ്ശേരി സബ് സ്റ്റേഷൻ വരെ നിലവിലുള്ള 66 കെ. വി. സിംഗിൾ സർക്യൂട്ട് ലൈൻ ശേഷി വർദ്ധിപ്പിച്ച് 220/110 കെ. വി. മൾട്ടി സർക്യൂട്ട് മൾട്ടി വോൾട്ടേജ് ലൈൻ ആക്കി മാറ്റുന്നതിനുള്ള സർവ്വേ, നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾക്കായി കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിലെ ഉദ്യോഗസ്ഥരും ജീവനക്കാരും അവർ ഏൽപ്പിക്കുന്ന പ്രതിനിധികളും കോൺട്രാക്ട് ജീവനക്കാരും, കണ്ണൂർ ജില്ലയിലെ കണ്ണൂർ, തലശ്ശേരി താലൂക്കുകളിൽ ഉൾപ്പെടുന്ന വലിയന്നൂർ, ചെലോറ, എളയാവൂർ, ചാല, കാടാച്ചിറ, മാവിലായി, പെരളശ്ശേരി, പിണറായി, എരുവട്ടി, എരഞ്ഞോളി, കതിരൂർ വില്ലേജുകളിലെ വസ്തുക്കളിൽക്കൂടി അവരുടെ നിയമാനുസൃത കൃത്യനിർവ്വഹണത്തിനായി, ആവശ്യമായ ഏതു സമയത്തും പ്രവേശിക്കുന്നതാണെന്ന വിവരം ഇന്ത്യൻ ഇലക്ട്രിസിറ്റി ആക്ട് 2003-ലെ 164, 185(2) (a & b), ഇന്ത്യൻ ടെലിഗ്രാഫ് ആക്ട്-1885 (XIII) എന്നീ വകുപ്പുകൾ അനുസരിച്ച് ബന്ധപ്പെട്ട എല്ലാവരേയും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

ഡെപ്യൂട്ടി ചീഫ്
എഞ്ചിനീയറുടെ കാര്യാലയം,
ട്രാൻസ്ഗ്രിഡ് (നോർത്ത്),
എസ്. ജി. പ്രസ്സ് പി. ഒ.,
ഷൊർണ്ണൂർ, കേരള,
ഇന്ത്യ, പിൻ-679 122.

(ഒപ്പ്)
ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ
വിത്ത് ഫുൾ പവേഴ്സ് ഓഫ്
ചീഫ് എഞ്ചിനീയർ,
ട്രാൻസ്ഗ്രിഡ് (നോർത്ത്),
ഷൊർണ്ണൂർ.

FORM NO. 155

[*See* Rule 329]

**Members' Voluntary Winding Up**

**KINDER FERTILITY CENTRE MANGALORE PRIVATE LIMITED**

CIN:U85110KL2011PTC028813

*XXXIII/1233-B, 1st Floor, Kadavil Castle, Pukattupady Road, Toll Junction, Edappally, Ernakulam, Kerala-682 024*

**(Company Under Liquidation)**

NOTICE CONVENING FINAL MEETING

Notice is hereby given in pursuance of Section 497 of the Companies Act, 1956 that a General Meeting of the members of the above named company will be held at its Registered Office at Edappally on the 29th day of August, 2017 at 3 O'clock in the afternoon for the purpose of having an account laid before them showing the manner in which the winding up has been conducted and the property of the company disposed of and of hearing any explanation that may be given by the liquidator, the manner in which the books, accounts and documents of the company and of the liquidator shall be disposed of.

Dated this 6th day of July, 2017.

ANOOP LAXMINARAYANAN,
*Liquidator.*